# കേരളത്തിന്റെ ദ്വിമുഖ വികസന പ്രതിസന്ധികൾ: വർദ്ധിത ഭരണഭാരം-തകരുന്ന സത്ഭരണരംഗം

ഡോ. ജോസഫ് ഏബ്രഹാം

കേരളത്തിന്റെ തനത് വികസന പരിപ്രേക്ഷ്യങ്ങൾ; മികച്ച മനുഷ്യ വിഭവശേഷി വികസനം (എച്ച്.ഡി.ഐ.), സമ്പൂർണ്ണ സാക്ഷരത, ഉയർന്ന പൊതുജനാരോഗ്യം, വ്യാപകമായ സാമൂഹ്യക്ഷേമം മുതലായ രംഗങ്ങളിൽ ലോകശ്രദ്ധയും അഖിലേന്ത്യ മുന്നേറ്റങ്ങളും, ആർജ്ജിക്കുവാൻ നമുക്ക് സാധിച്ചിരിക്കുന്നു. എന്നാൽ നാം പിന്നിട്ട ദശാബ്ദ കാലഘട്ടത്തിൽ (2015–25) സംസ്ഥാനത്ത് ഭരണ സംവിധാനത്തിൽ ഘടനാപരമായ മാറ്റങ്ങൾ കടന്നു വന്നിരിക്കുന്നു. മുഖ്യമായും സർക്കാർ ഭരണഭാരം വളരെ വർദ്ധിച്ചു, ധന കാര്യ നടത്തിപ്പ് മികവുകൾ കുറഞ്ഞു. സംസ്ഥാന സർക്കാരിന്റെ ദൈനംദിന നടത്തിപ്പ്-സാമ്പത്തിക ഭാരത്തിലെ മുഖ്യ ഇനം, പൊതു സർക്കാർ മനുഷ്യവിഭവ ശേഷിയുടെ പരിപാലനവും, ക്ഷേമ വിതരണവും, മറ്റും പ്രബല രൂപം കൊണ്ടിരിക്കുന്നു. സത്ഭരണം തമസ്കരിക്കപ്പെട്ട് രാഷ്ട്രീയ നേട്ടത്തിനായി പി.ആർ. വത്കരണം നടമാടുന്നു.

## <u>സർക്കാർ ബ്യൂറോക്രസി</u>

കേരളം വലിയ ഉദ്യോഗസ്ഥപ്പടയെ തുടർച്ചേ തീറ്റിപ്പോറ്റി പോരുന്നു. ഏതാനും ‘കോർ-സർക്കാർ’ വകുപ്പുകളിൽ 2015-ൽ ആയിരം ജനത്തിന് 18 ഉദ്യോഗസ്ഥരുണ്ടായിരുന്നത് 2025-ൽ ആയിരം ഇനത്തിന് 19-തിലേയ്ക്ക് വളർന്നു. ഇത് അഖിലേന്ത്യ ശരാശരി ബാധക നിരക്കായ 14–16 എന്നതിനേക്കാൾ ഉയർന്ന തോതിലാണ്. അതായത് പൊതു ഭരണ ഭാരത്തിന് കേരളം ഇന്ത്യയേക്കാൾ മുന്നിട്ട നിലയിൽ എത്തിയിരിക്കുന്നു. ഇതിൽ അഭിമാനിയ്ക്കേണ്ടതുണ്ടോ? ഉണ്ട്/ ഇല്ല എന്ന സമ്മിശ്ര ഉത്തരം കടന്നു വരും. 2025-ൽ കേരളത്തിൽ ഏകദേശം 6.2 ലക്ഷം കോർ-സർക്കാർ ഉദ്യോഗസ്ഥരും മറ്റെല്ലാ അനുബന്ധ പൊതു-സർക്കാർ നടത്തിപ്പ് രംഗങ്ങളിലുമായി ആകെ മൊത്തം 8.5 ലക്ഷം ‘പബ്ലിക് സേർവന്റ്സ്’ തൊഴിൽ ചെയ്യുന്നുണ്ട്.

## <u>മികച്ച സംസ്ഥാനങ്ങളിൽ</u>

വ്യാവസായികമായി മുന്നിട്ട് നിൽക്കുന്ന സംസ്ഥാനങ്ങളായ ഗുജറാത്ത്, മഹാരാഷ്ട്രാ, കർണ്ണാടക, തമിഴ്നാട് എന്നിവിടങ്ങളിൽ ആകെ വിപുലമായ പൊതു-തൊഴിൽ-ജനസംഖ്യാ റേഷ്യോ ആയിരത്തിന് 15–20 ആയി തുടരുമ്പോൾ ഇത് കേരളത്തിൽ 21–23 എന്ന ഉയർന്ന തോതിലെത്തിയിരിക്കുന്നു. അതായത് കേരളത്തിലെ പബ്ലിക് വിഭവങ്ങൾ ഉപയോഗിച്ച് പോറ്റപ്പെട്ടുവരുന്ന ഉദ്യോഗസ്ഥപ്പടയുടെ എണ്ണം അഖിലേന്ത്യാ വ്യവസായ വളർച്ച കൈവരിച്ച സംസ്ഥാനങ്ങളുടെ നിരക്കിനെക്കാൾ 30–40 ശതമാനം ഉയരത്തിലാണ്. ഈ കാലഘട്ടത്തിൽ സംസ്ഥാനത്തെ ഉദ്യോഗസ്ഥ വൃന്ദം വളർന്നത്, പ്രാദേശിക സർക്കാർ തലങ്ങളിൽ, എയ്ഡഡ്-, കരാർ നിയമന രംഗങ്ങളിലാണ്. ഇപ്രകാരമുള്ള ഉദ്യോഗസ്ഥപ്പടയുടെ വളർച്ചയോടൊപ്പം അനുബന്ധ ആനുപാതിക

സാമ്പത്തിക വളർച്ച ഉറപ്പാക്കുവാൻ നമ്മുടെ സർക്കാരിനായിട്ടില്ല. ഉദ്പാദനം വർദ്ധിപ്പിക്കാനുതകുന്ന അടിസ്ഥാന സൗകര്യ നിക്ഷേപ വളർച്ചാ നിരക്കുകൾ ത്വരിതഗതിയിലായിട്ടില്ല തന്നെ. നിക്ഷേപ വർദ്ധനയ്ക്കായി ഉയർന്ന വർദ്ധിത പദ്ധതി വിഹിതം തുടർച്ചയായി വകയിരുത്തുവാനും സാധിക്കുന്നില്ല.

**വലിയ ഭരണ ഭാരം**

സംസ്ഥാനത്തിന്റെ മൊത്ത റവന്യു വരുമാനത്തിൽ നിന്നും നിർബന്ധിതമായി വകയിരുത്തപ്പെട്ടുപോരുന്ന മുഖ്യ ചിലവിനങ്ങളായ ശമ്പളം, പെൻഷനുകൾ, പലിശ തിരിച്ചടവുകൾ, എന്നിവ ആകെ മൊത്തം 2015ൽ 61 ശതമാനമായിരുന്നത് 2025-ൽ 73% ത്തിലെത്തി, അഖിലേന്ത്യാ തല ത്തിൽ ഇത് 53 ശതമാനമാണ്. ഇപ്രകാരം പൊതുവെ ബാധകമായ നിശ്ചിത ശരാശരി 60 ശതമാനത്തിലും താഴ്ന്ന നിരക്കിൽ തുടർന്നു വരുന്നത് കേരള ഭരണത്തിന്റെ കണ്ണ് തുറപ്പിയ്ക്കട്ടെ.

**വ്യവസായ നിക്ഷേപം**

കേരളത്തിൽ അടിസ്ഥാന വ്യവസായ ക്യാപിറ്റൽ-നിക്ഷേപ നിരക്ക് 2015ൽ 17 ശതമാനമായിരുന്നത് 2025-ൽ 10 ശതമാനത്തിലേക്ക് താണു. ഇത് അഖിലേന്ത്യാ തലത്തിൽ 18 ശതമാനം എന്ന നിലവിൽ തുടരുന്നുണ്ട്. അതാ യത് കേരളത്തിൽ വലിയ തോതിൽ വ്യവസായ നിക്ഷേപം കുറവും പിന്നോ ട്ടും പോയിരിക്കുന്നു.

**ധനകാര്യ തകിടം മറിച്ചിൽ**

കേരളത്തിന്റെ ധനകാര്യ കമ്മിറ്റഡ് ചിലവുകൾ 12-15 ശതമാനമായി ഈ ദശകത്തിലുയർന്നു. ക്യാപിറ്റൽ അടിസ്ഥാന സൗകര്യ വികസന ചിലവു കൾ ശരാശരി 3-4 ശതമാന കുറവ് രേഖപ്പെടുത്തിയിരിക്കുന്നു. സർക്കാർ പെൻഷൻ ഭാരം 50 ശതമാനത്തിലധികമായി വർദ്ധിച്ചിരിക്കുന്നു.

താരതമ്യേന മികച്ച ധനകാര്യ മാനേജ്മെന്റ് നടപ്പിലാക്കി വരുന്ന സംസ്ഥാനങ്ങളായ കർണ്ണാടക, ഗുജറാത്ത്, തമിഴ്നാട് എന്നിവിടങ്ങളിൽ ശരാശരി നൂറ് രൂപ റവന്യു ലഭിക്കുന്നതിന്റെ 40-45 ശതമാനവും അടിസ്ഥാന വികസനത്തിനായി ലഭ്യമാക്കുമ്പോൾ, കേരളത്തിലിത് വെറും 25-30 ശതമാന മായി ചുരുക്കപ്പെട്ടിരിക്കുന്നു. ഫലമോ വ്യവസായ വികസന ഞെരുക്കത്തോ ടൊപ്പം അപ്രതീക്ഷിതമായി കടന്നുവരുന്ന പ്രതിസന്ധികളെ (ഉദാ: പകർച്ച വ്യാധികൾ, കോവിഡ്, ഊർജ്ജ പ്രതിസന്ധി) ഫലപ്രദമായി പ്രതിരോധിക്കു വാനുള്ള സാമ്പത്തിക കരുത്ത് ഇല്ലാത്ത സ്ഥിതിഗതിയും തുടരുന്നുണ്ട്.

**മേഖലാപരമായ ഏറ്റക്കുറിച്ചിലുകൾ**

2025-ൽ സംസ്ഥാനത്തെ പൊതു സർക്കാർ തൊഴിലാളികളിൽ 35-40 ശതമാനവും സർക്കാർ-ഇതര, വിദ്യാഭ്യാസ മേഖലയിലാണ് പ്രവർത്തിച്ചു പോരുന്നത്. അഖിലേന്ത്യാ തലത്തിൽ ഇത് 25-30 ശതമാനം വരും. ഇത് ഭാവി യിലും അനിർഗളം തുടരേണ്ടതുണ്ടോ? എന്തു ഗുണപരമായ മാറ്റങ്ങളാണ് ഈ രംഗത്ത് ഉണ്ടാവേണ്ടത്. മികച്ച സത്ഭരണം ലഭ്യമാക്കുവാൻ ഇവരെ ഫലപ്രദമായി പുനർവിന്യസിപ്പിക്കുവാൻ കഴിയേണ്ടതുണ്ട്.

നിലവിൽ സംസ്ഥാനത്തിന്റെ പ്രാദേശിക ഭരണ നിർവ്വഹണ നടത്തിപ്പിൽ ഏതാണ്ട് 10-12 ശതമാനം ഉദ്യോഗസ്ഥരെ വിന്യസിച്ചിരിക്കുന്നു. ഇത് അഖിലേന്ത്യാ തലത്തിൽ 6-8 ശതമാനമാണ്. ഈ ഭരണരംഗത്ത് സംസ്ഥാന-കേന്ദ്ര സർക്കാർ തലങ്ങളിലും വർദ്ധിത എണ്ണം ഉദ്യോഗസ്ഥരെ ലഭ്യമാക്കാവുന്നതാണ്. ഇവരുടെ സംസ്ഥാന, ജില്ല തലങ്ങളിലെ അധിക കേന്ദ്രീകരണങ്ങൾ ഇകഴ്ത്തി, താഴെ-ഗ്രാമതലങ്ങളിൽ വർദ്ധിത എണ്ണം ലഭ്യമാക്കേണ്ടതുണ്ട്. മികച്ച സത് ഭരണം ലഭ്യമാക്കുവാൻ പൊതുജനാരോഗ്യ രംഗത്ത് കേരളത്തിലെ ഉദ്യോഗസ്ഥരുടെ 8-10 ശതമാനം പേർ തൊഴിലെടുക്കുമ്പോൾ അഖിലേന്ത്യാ തലത്തിൽ 8-9 ശതമാനം പേർ ഏർപ്പെട്ടിരിക്കുന്നു. ഈ രണ്ടു സർക്കാർ തലങ്ങളിലും ഉദ്യോഗസ്ഥരുടെ സേവന ലഭ്യത തുടരെ വർദ്ധിത തോതിൽ ലഭ്യമാക്കുവാൻ, മികവുറ്റതാക്കുവാനും അശ്രാന്ത പരിശ്രമം തുടരേണ്ടതുണ്ട്.

ക്രമസമാധാന നടത്തിപ്പ്-പോലീസ് സേവന-തല്പ്പര തലങ്ങളിൽ കേരളത്തിലും ഇന്ത്യയിലും ഒരു ലക്ഷം ജനത്തിന് കേവലം 180-ൽ താഴെ എന്ന നിരക്കിലാണ് തുടരുന്നത്. ഇത് യു.എൻ.നിരക്കായ 222-ൽ എത്തുവാൻ കേരളവും, ഇന്ത്യയും മികച്ച പ്രവർത്തനങ്ങൾ ഏർപ്പാടാക്കേണ്ടതുണ്ട്. വർദ്ധിത തോതിൽ പോലീസ് സേവനങ്ങൾ വേണ്ടിവരുന്നത് ശുഭകരമല്ല, ഈ മേഖലയിൽ നാം വളരെ മുന്നേറേണ്ടതുണ്ട്.

**<u>വർദ്ധനവുകൾ ക്രമാതീരം</u>**

സംസ്ഥാന സർക്കാരിന്റെ 'നിത്യനിദാന ഭരണ നടത്തിപ്പ് ചിലവുകൾ' 2015-ലെ ₹45000 കോടിയിൽ നിന്നും 2025-ൽ ₹95000 കോടിയായി ഉയർന്നു. അതായത് 110 ശതമാന വർദ്ധിത പിന്നിട്ട ദശകത്തിൽ രേഖപ്പെടുത്തി.

സർക്കാർ പെൻഷനുകൾ കൈപ്പറ്റുന്നവരുടെ എണ്ണം 2015-ലെ 5 ലക്ഷത്തിൽ നിന്നും 2025ൽ 7.5 ലക്ഷമായി ഉയർന്നു. 50 ശതമാനം വർദ്ധന രേഖപ്പെടുത്തപ്പെട്ടു. ഇത് വീണ്ടും വർദ്ധിക്കാൻ ഇടയാകുമെന്ന് കരുതാം.

കടവും ആഭ്യന്തര ഉദ്പാതനവും തമ്മിലുള്ള നിരക്ക് 2015-ലെ 32 ശതമാനം, 2025-ൽ 37% ത്തിലെത്തി. ഇതിനോടനുബന്ധ പലിശ തിരിച്ചടവ് തുക ₹12000 കോടി ₹22000 കോടിയായി വർദ്ധിച്ചു. ഇത് ഭരണ ഭാര കെടുതിയുടെ അമിത വർദ്ധനവിനെ ശരിവയ്ക്കുന്നതാണ്. അതായത് ധനകാര്യ മികവിന്റെ രംഗത്ത് കേരളം അമിത ഭരണ ഭാരത്താൽ ഉഴലുകയാണ്. വഴിവിട്ട ധനകാര്യഘടനയും, ചിലവുകളുടെ ആഘാതവും സംസ്ഥാനത്ത് സത് ഭരണ മുന്നേറ്റം അടിയന്തിരമായി ഉണ്ടാവണമെന്ന് തുടരെ സൂചന നൽകുന്നു. ഭരണ നടത്തിപ്പിന്റെ യൂണിറ്റ് തലങ്ങളിലെ ചിലവുകൾ കുറയ്ക്കുക എന്നതാണ് സംസ്ഥാനത്തിന്റെ ഭരണ വെല്ലുവിളി. സംസ്ഥാനത്തിന്റെ ധനവ്യയം തുടരെ വർദ്ധിപ്പിക്കുന്നതോടൊപ്പം സാമ്പത്തിക ശാക്തീകരണം, മികവുകൾ അനുപാതകമായി രൂപം പ്രാപിച്ച് ശക്തമാവുന്നില്ല. ഫലമോ കടക്കെണി, വിലക്കയറ്റം, തൊഴിലില്ലായ്മ, എന്നിവകളുടെ രൂക്ഷ വലയം രൂപപ്പെട്ട് സാമ്പത്തിക മന്ദത നടമാടുന്നു.

**സത്ഭരണം അപകടത്തിൽ**

ക്രമസമാധാനം തുടരെ അലങ്കോലപ്പെടുന്നത് സത്ഭരണ പരാജയത്തെ യാണ് പ്രതിഫലിപ്പിക്കുക. രാഷ്ട്രീയ സംഘട്ടങ്ങൾ, ക്രിമിനൽ-ഗുണ്ടാ വിള യാട്ടങ്ങൾ അരങ്ങേറുന്നത് ലോ ആന്റ് ഓർഡർ നടപ്പിലാക്കുന്നതിലെ സർക്കാർ അലംഭാവങ്ങളെയാണ് സൂചിപ്പിക്കുന്നത്. ബന്ദുകൾ, ഹർത്താലു കൾ, സമരങ്ങൾ എന്നിവ സമ്പദ് വ്യവസ്ഥയെ തകർക്കുന്നു, പൊതുമുതലു കൾ നശിപ്പിയ്ക്കപ്പെടുന്നു, തൊഴിലും, വരുമാനവും നഷ്ടപ്പെടുത്തുന്നു. ജന ജീവിതം അലങ്കോലപ്പെട്ട് താറുമാറാവുന്നു. വ്യവസായ അന്തരീക്ഷം പ്രതികൂ ലമായി തീരുന്നു. സർക്കാർ, സ്വകാര്യ സംരംഭകർക്ക് പ്രാദേശിക, രാഷ്ട്രീയ എതിർപ്പുകൾ നേരിടേണ്ടിവരുന്നുണ്ട്. നിയമ വാഴ്ചയെ അവഗണിക്കുന്നത്, പൊതുനന്മയെ കാറ്റിൽപറത്തുന്ന സമീപനങ്ങൾ ഒട്ടും അഭിലഷണീയമല്ല. അഴിമതി, സ്വജന പക്ഷാപാതം, രാഷ്ട്രീയ എതിരാളികളെ ഇല്ലാതാക്കൽ, രാഷ്ട്രീയ ഏക പാർട്ടി ധ്രുവീകരണങ്ങൾ എന്നിവ ജനാധിപത്യപരമായ ഭരണ നടത്തിപ്പിന് ഗുണകരമല്ല. ഭരണ ഘടനാ സംവിധാനങ്ങളുടെ; ധന കമ്മീഷനുകൾ, ഓഡിറ്റ് റിപ്പോർട്ടുകൾ, ജുഡീഷ്യൽ ഉത്തരവുകൾ എന്നിവ പാലിക്കുന്നതിലെ അലംഭാവം, ഉത്തരവാദപ്പെട്ടവർ ശിക്ഷിക്കപ്പെടാതെ പോവുന്നത്, കഷ്ടനഷ്ടങ്ങൾക്ക് ശിക്ഷണം നൽകാത്തത് പലതലങ്ങളിലും നടക്കുന്നു. ഭരണ തലങ്ങളിൽ നയ നടത്തിപ്പ് പിൻതുടർച്ചക്കു പകരം പ്രതിലോമ പ്രതി പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്ന രീതി, മത-സാ മൂഹ്യ ഐക്യദാർഷ്ട്യങ്ങളെ പാലൂട്ടുന്ന പ്രവണതകൾ ശക്തി പ്രാപിച്ചിരിക്കു ന്നത് പരക്കെയുള്ള സത്ഭരണ വെല്ലുവിളികളെയാണ് സൂചിപ്പിക്കുക. ഇവ യുടെ സമഗ്ര അവലോകന റിപ്പോർട്ടുകൾ സർക്കാർ തയ്യാറാക്കി സത് ഭരണ വകുപ്പ് രൂപീകരിച്ച് ഫലപ്രദമായ സത് ഭരണ നിർവ്വഹണം കേരളത്തിൽ നട പ്പിലാക്കാൻ കഴിയട്ടെ. വിജിലൻസ് റിപ്പോർട്ടുകൾ അവഗണിക്കുക, പൂഴ്ത്തി വയ്ക്കൽ തുടരുന്നു.

**സത്ഭരണം ഏർപ്പെടുത്തേണ്ടവ**

മാറ്റങ്ങൾ കടന്നുവരേണ്ട സുപ്രധാന ഭരണ തലങ്ങൾ:-

(i) നിലവിലെ വളരെ ഉയർന്ന റവന്യൂ ചെലവ് നിരക്ക് 90-ൽ നിന്നും 75 ശതമാനത്തിലേയ്ക്ക് കുറയ്ക്കുക, ഫലമോ Rs.20000 കോടി ലഭ്യ മാക്കാൻ കഴിയും വികസന പ്രവർത്തനങ്ങൾക്കായി.

(ii) പെൻഷൻ വക ധനവിഹിതം നിലവിലെ 20 ശതമാനത്തിൽ നിന്നും 10 ശതമാനമാക്കൽ പരിശ്രമം ഉണ്ടാവണം. പെൻഷൻ പരിഷ്ക്കരണം നടപ്പിലാക്കപ്പെടട്ടെ.

(iii) കൃഷി, വ്യവസായ രംഗങ്ങളിൽ ഉത്പാദന മികവ് ഉയർത്താം, ചിലവു കൾ കുറയ്ക്കാം. വരുമാനം വർദ്ധിപ്പിക്കാം, സ്വകാര്യ സംരംഭകത്വം വിപുലവും വ്യാപകവുമായി പ്രോത്സാഹിപ്പിക്കാം, ഇവയിലെല്ലാം മാതൃകകൾ സൃഷ്ടിച്ച് നടപ്പിലാക്കിയും മുന്നോട്ട് നയിക്കപ്പെടട്ടെ.

(iv) പൊതുമേഖലയുടെ നഷ്ടം 20–30 ശതമാനം ഓരോ വർഷവും ത്വരിത ഗതിയിൽ ഇല്ലാതാക്കാം; തുടരെ നഷ്ടത്തിലായ കെ.എസ്.ആർ.ടി. സി./കെ.എസ്.ഇ.ബി. മുതലായവ സ്വകാര്യവത്കരിക്കാം.

(v) നിലവിലെ ഭാഗിക ഡിജിറ്റലൈസേഷനുകൾ സമ്പൂർണ്ണമാക്കാം, എല്ലാ പൊതു ഭരണ തലങ്ങളിലും.നടത്തിപ്പ് സുതാര്യത സാധാരണക്കാരന് അനുഭവ പ്രദമാവട്ടെ.

(vi) അടിസ്ഥാന സൗകര്യ നിക്ഷേപ ചെലവാക്കലുകൾ നിലവിലെ വളരെ താണ 10 ശതമാനത്തിൽ നിന്നും 18–20 ശതമാനം ആക്കാം;

(vii) ഭരണ നടത്തിപ്പ്-നിത്യനിദാന ചിലവുകൾ 60 ശതമാനത്തിന് താഴെ നിജപ്പെടുത്താം;

(viii) കട-ആഭ്യന്തര ഉത്പാദന നിരക്ക് 30 ശതമാനത്തിന് താഴെയെത്തിയ്ക്കാം;

**<u>സത് ഭരണത്തിന് പുതു വഴികൾ</u>**

(i) എല്ലാ സർക്കാർ തലങ്ങളിലും കാര്യക്ഷമതാ വർദ്ധനവുകൾ, ചിലവു കുറയ്ക്കലുകൾ ഉദ്പാതന ക്ഷമതകൾ സമയബന്ധിതമായി 15–20 ശതമാനം വർദ്ധിപ്പിക്കാൻ ലക്ഷ്യമിടട്ടെ;

(ii) നിത്യനിദാന സർക്കാർ ഭരണ-ചിലവുകൾ 10–15 ശതമാനം കുറയ്ക്കാം;

(iii) ഭരണ മികവ് 30–40 ശതമാനം വർദ്ധിപ്പിയ്ക്കാൻ മറ്റു പുതു ചിലവുകൾ കടന്നുവരാതെ ഏർപ്പാടാക്കുവാൻ കഴിയട്ടെ.

(iv) ഭരണ മികവ് കേന്ദ്രങ്ങളായ പ്രാദേശീക ഭരണം, പൊതുജനാരോഗ്യം, സാമൂഹ്യ ക്ഷേമം, വിവരസാങ്കേതിക മേഖല എന്നിവിടങ്ങളിലെ നിലവിലെ നടത്തിപ്പ് മികവുകൾ ഊട്ടിയുറപ്പിക്കാം; 50–100 ശതമാനമായി വിപുലീകരിയ്ക്കാം.

(v) എല്ലാ സർക്കാർ പൊതു ഉദ്യോഗസ്ഥ തലങ്ങളിലെ ഉത്തരവാദിത്വങ്ങളും, അനുബന്ധ നേട്ട കോട്ടങ്ങളും നിശ്ചയിച്ച് വിലയിരുത്തി മുന്നേറേണ്ടതുണ്ട്. ഇ-മോഡൽ ഭരണം വിപുലമാക്കാം.

(vi) സർക്കാരിന്റെ എല്ലാ ഭരണ തലങ്ങളിലും സുതാര്യ, സേവനങ്ങൾ നൽകട്ടെ. വിവരലഭ്യത-പൊതുജനത്തിന് ഉറപ്പ് നൽകട്ടെ. രാജ്യ സുരക്ഷയെ ബാധിക്കുന്നവയെ മാത്രം നിയന്ത്രിയ്ക്കട്ടെ.

(vii) നിലവിലെ പൊതു വിവരാവകാശ നിയമം (ആർ.റ്റി.ഐ) മികവുറ്റ രീതിയിൽ പുന:പരിശോധിച്ച് ശക്തിപ്പെടുത്തി നടത്തിപ്പ് സുഗമമാക്കട്ടെ.

(viii) എല്ലാ ഭരണ തലങ്ങളിലും/ഓഫീസുകളിലും പൊതുജന-ഗുണഭോക്ത്താക്കൾക്കായി ഹെൽപ് ഡെസ്കുകൾ പ്രവർത്തിയ്ക്കട്ടെ.

(ix) എല്ലാ ഭരണ തലങ്ങളിലെയും സർക്കാർ-പൊതുമേഖല ലക്ഷ്യങ്ങളും, ഉത്തരവാദിത്വങ്ങളും, വരവും ചിലവും, വ്യക്തി-ഗ്രൂപ്പ് തലങ്ങളിൽ

നേട്ടങ്ങളും-കോട്ടങ്ങളും വ്യക്തമായി നിശ്ചിതമാക്കപ്പെടണം. പുരോഗതി അവലോകനം റിക്കോർഡ് ചെയ്യപ്പെടട്ടെ. .

(x) തിരഞ്ഞെടുക്കപ്പെട്ട ജനസേവകരുടെ സ്പേസ്, ഉത്തരവാദിത്വങ്ങൾ, അവകാശങ്ങൾ, പ്രോട്ടോകോളുകൾ സവിസ്തരം ലഭ്യമാക്കപ്പെടട്ടെ. ജനപ്രതിനിധികളുടെ പ്രവർത്തനങ്ങളെ വിലയിരുത്താൻ സംവിധാനമുണ്ടാവട്ടെ.

പൊതുമേഖലയെ പുനരുജ്ജീവിപ്പിയ്ക്കാം, വിദ്യാഭ്യാസ രംഗത്തെ നിശ്ചിത മാനദണ്ഡ-മാതൃകകൾക്കനുസരിച്ച് തുടരെ ചിട്ടപ്പെടുത്താം, ഭരണ തലങ്ങളിലെ അമിത തട്ടു-തല വേർതിരുവുകൾ കുറയ്ക്കാം; സർക്കാർ പ്രവർത്തനങ്ങളുടെ-പ്രൊജക്റ്റുകളിലെ പഴകിയ നടത്തിപ്പ് രീതികൾ സമൂലം പരിഷ്ക്കരിയ്ക്കണം.

**<u>ചെറിയ സർക്കാർ-മികച്ച ഭരണം</u>**

നിലവിലെ സർക്കാർ ഭരണ ഭാരം കുറയ്ക്കുന്നതോടൊപ്പം, കാര്യക്ഷമതാ വരുമാന വർദ്ധന നേട്ടങ്ങൾ, ഉത്പാദന വർദ്ധനവുകൾ, ചിലവു-കുറയ്ക്കലുകൾ എന്നിവയ്ക്കായി സത്വര നടപടികൾ എല്ലാ പൊതു ഭരണ തലങ്ങളിലും അടിയന്തിരമായി ഏർപ്പാടാക്കട്ടെ. ചെറിയ ഭരണം-സർക്കാർ-ഭാരം കുറയ്ക്കൽ മാത്രമല്ല ലക്ഷ്യമിടേണ്ടത്, എല്ലാ തലങ്ങളിലും കാര്യക്ഷമതാ മുന്നേറ്റങ്ങളും മികച്ച പൊതുജന സേവനങ്ങളും ഉറപ്പാക്കേണ്ടവർ 'അധികാരിവർഗ്ഗ' കുപ്പായം മാറ്റി വച്ച് ജനസേവകരായി സേവനം നടത്തട്ടെ. പ്രാദേശിക, താഴെത്തട്ടുകളിലെ മികച്ച ജനസേവകരായ ഉദ്യോഗസ്ഥരെ വർദ്ധിത തോതിൽ കണ്ടെത്തി പ്രോത്സാഹിപ്പിക്കട്ടെ.

**<u>ഉൾക്കാഴ്ചകൾ</u>**

പിന്നിട്ട ദശാബ്ദത്തിൽ കേരളം, വളരെ ചിലവേറിയ, ധനകാര്യ മികവ് തകർന്ന സമ്പദ്ഘടനയായി രൂപം പ്രാപിച്ചിരിക്കുന്നു. പൊതു വിഭവങ്ങൾ നിത്യനിദാന ഭരണ നടത്തിപ്പിനു മാത്രമായി നിത്യേന മുഖ്യമായി ആഗീകരണം ചെയ്യപ്പെട്ടുവരുന്ന ഉപഭോഗ-വികസന മോഡൽ ഖജനാവ് കീഴടക്കിയിരിക്കുന്നു. ഫലമൊ പ്രത്യുത്പാദനപരമായ വ്യവസായ നിക്ഷേപം വളരുന്നില്ല, സ്വകാര്യ സംരംഭകത്വം വളർച്ച മന്ദഗതിയിലായിരിക്കുന്നു. 'നവകേരള' വികസന വെല്ലുവിളി സർക്കാരിന്റെ വലിപ്പത്തെ മാത്രമല്ല, എല്ലാ ഭരണ പൊതുതലങ്ങളിലും കാര്യക്ഷമതകൾ, വിഭവ ലഭ്യതകൾ, എന്നിവയുടെ ഉറപ്പാക്കലുകളും മാത്രമല്ല, ഭരണ നടത്തിപ്പിന്റെ രാഷ്ട്രീയ സാമ്പത്തിക പ്രത്യയ ശാസ്ത്രങ്ങളും മാറ്റത്തിന് വിധേയമാവേണ്ടതുണ്ട്. ''പുതുയുഗ പിറവിയും'' ''നവകേരള നിർമ്മിതിയും'' തമ്മിലുള്ള അന്തരം ഇല്ലാതാവട്ടെ.

*********